**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4244** **28-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് സ്വന്തമായി എവിടെയെല്ലാം ഭൂമിയുണ്ടെന്നും ആയതിന്റെ അളവും സർവ്വേ നമ്പരുകളും ഏതൊക്കെ വില്ലേജുകളുടെ പരിധിയിലാണ് അവ ഉൾപ്പെടുന്നതെന്നും അറിയിക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ 158/2, 159/2 എന്നീ സർവ്വേ നമ്പരുകളിലായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ 5.8 ഏക്കർ ഭൂമി ഉണ്ട്. വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കൊല്ലം സഹകരണ സ്പിന്നിങ് മില്ലിന് മീനാട് വില്ലേജിൽ 243/12,244/2,245/2 എന്നീ സർവേ നമ്പറുകളിൽ 10.79 ഏക്കർ ഭൂമിയുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി നിലവിൽ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ; | (ബി) | ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിലെ ഭൂമിയിൽ നിന്നും 1.5 ഏക്കർ ഭൂമി കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് & എംപ്ലോയ്.മെന്റ് സൊസൈറ്റി (KEDES)-ക്ക് വ്യവസായ സംരംഭത്തിനായി അനുവദിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽ നിന്നും 37.5 സെന്റ് ഭൂമി തിരിച്ചെടുത്ത് മെ. ക്രിയോ പ്രിസിഷൻ ടെക്നോളജീസ് എന്ന സംരംഭത്തിന് അനുവദിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(c) No. 8449/2021 കേസ് നിലവിലുണ്ട്. കൊല്ലം സഹകരണ സ്പിന്നിങ് മില്ലിന്റെ ഭൂമിയിൽ പ്രസ്തുത മിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ 1.79 ഏക്കർ നാഷണൽ ഹൈവേ വികസനത്തിനായി വിട്ടു നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. കൊല്ലം സഹകരണ സ്പിന്നിങ് മില്ലിന്റെ അധികമുള്ള ഭൂമിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനു വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷ മിൽ ഭരണസമിതിയുടെ പരിഗണനയിലാണ്. |
| (സി) | വ്യവസായ വകുപ്പിന് ചാത്തന്നൂരിൽ സ്വന്തമായുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ആവശ്യത്തിനായി വിട്ടു നൽകുന്നതിന് | (സി) | ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിലെ ഭൂമിയിൽ നിന്നും 1.5 ഏക്കർ ഭൂമി കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് & |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏത് വകുപ്പിനെന്നും അറിയിക്കാമോ ; | | എംപ്ലോയ്.മെന്റ് സൊസൈറ്റി (KEDES)-ക്ക് വ്യവസായ സംരംഭത്തിനായി അനുവദിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽ നിന്നും 37.5 സെന്റ് ഭൂമി തിരിച്ചെടുത്ത് മെ. ക്രിയോ പ്രിസിഷൻ ടെക്നോളജീസ് എന്ന സംരംഭത്തിന് അനുവദിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(c) No. 8449/2021 കേസ് നിലവിലുണ്ട്. കൊല്ലം സഹകരണ സ്പിന്നിങ് മില്ലിന്റെ ഭൂമിയിൽ പ്രസ്തുത മിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ 1.79 ഏക്കർ നാഷണൽ ഹൈവേ വികസനത്തിനായി വിട്ടു നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. കൊല്ലം സഹകരണ സ്പിന്നിങ് മില്ലിന്റെ അധികമുള്ള ഭൂമിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനു വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷ മിൽ ഭരണസമിതിയുടെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി 4 സംരംഭകരുടെ അപേക്ഷകൾ പരിഗണിച്ചു തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള മെ. ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക് Sorting & Segregation സംരംഭം തുടങ്ങുന്നതിനായി 1 ഏക്കർ ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും നിലവിലുണ്ട്. സഹകരണ സ്പിന്നിങ് മില്ലിന്റെ ഭൂമിയിൽ മറ്റ് വ്യവസായ സംരംഭം തുടങ്ങുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ